# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6722

04/04/2018-ൽ
മറുപടിയ്ക്ക്

## യു.ജി.സി ആറാം ശമ്പള പരിഷ്കരണം

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ് :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2006 ലെ യു.ജി.സി ആറാം ശമ്പള പരിഷ്കരണം 28-03-2010 ന് കേരളത്തിൽ നടപ്പിലാക്കി ഉത്തരവിറങ്ങിയെങ്കിലും 2006 മുതൽ പ്രമോഷൻ, പ്ലേയ്സ്മെന്റ് എന്നിവ നല്കുന്നതിന വേണ്ടി യു.ജി.സി യുടെ റെഗുലേഷനുകൾ അതേപടി പിന്തുടരാനോ അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാനോ വിദ്യാഭ്യാസ വകുപ്പ് തയ്യാറായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ), (ബി), (സി) & (ഡി) | 18.09.2010 മുതൽ സംസ്ഥാനത്ത് യു.ജി.സി യോഗ്യത അനുസരിച്ചേ നിയമനങ്ങളും പ്രൊമോഷനും പാടുള്ളൂ എന്ന് ബഹു. കേരള ഹൈക്കോടതി 23.02.2.016-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു ഇതിനെ തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ/പ്ളേസ്മെന്റ് തടസ്സപ്പെടാതിരിക്കാൻ യു.ജി.സി റഗുലേഷൻ നടപ്പിലാക്കുന്നതിനു 23.02.2016 മുതൽ പ്രാബല്യം ലഭിക്കാൻ സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുകയുണ്ടായി.ടി വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.<br><br>യു.ജി.സി റെഗുലേഷൻ 2010 പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തികൊണ്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതി അന്തിമ ഘട്ടത്തിലാണ്. എന്നിരുന്നാലും സ്പെഷ്യൽ റൂൾ ഭേദഗതിയിലുണ്ടായേക്കാവുന്ന കാലതാമസം കണക്കിലെടുത്ത് സർക്കാർ കോളേജ് അധ്യാപകരുടെ പ്രിൻസിപ്പൽ സ്ഥാനത്തേയ്ക്കുള്ള സ്ഥാനക്കയറ്റം യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച 19.03.2017 ലെ GO(P)10/2017/HEdn യിലെ വ്യവസ്ഥകൾ പ്രകാരം നല്കി വരുന്നു.സുപ്രീം കോടതി മുൻപാകെ പരിഗണനയിലുള്ള കേസിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ റഗുലേഷൻ 2010 പ്രകാരമുള്ള പ്രൊമോഷൻ മാനദണ്ഡങ്ങൾ അതേപടി നടപ്പിലാൻ സാധിക്കുകയുള്ളൂ.എന്നിരുന്നാലും വിവിധ തലങ്ങളിൽ ഇതുസംബന്ധിച്ച് പരിശോധനകൾ നടത്തി വരുന്നു. കൂടാതെ ആർട്സ് & സയൻസ് കോളേജ് അദ്ധ്യാപകരുടെ അഞ്ചാം യു.ജി.സി സ്കീം |
| (ബി) | ഇക്കാരണത്താൽ 2010 മാർച്ചിന് ശേഷം കേരളത്തിലെ ഗവൺമെന്റ് കോളേജ് അധ്യാപകർക്ക് യാതൊരുവിധ സ്ഥാനക്കയറ്റവും ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കേരളത്തിലെ ഗവൺമെന്റ് കോളേജ് അധ്യാപകർ കഴിഞ്ഞ എട്ട് വർഷമായി അനുഭവിക്കുന്ന ഈ വിവേചനത്തിനും അവഗണനയ്ക്കും പ്രതിവിധി എന്തെന്നറിയിക്കാമോ; | | |
| (ഡി) | സർവ്വകലാശാലാ അധ്യാപകർക്കും പ്രൈവറ്റ് കോളേജധ്യാപകർക്കും പ്രൊമോഷൻ സാധ്യമാവുന്ന ഉത്തരവുകൾ അതതു സർവ്വകലാശാലകൾ മുമ്പേ ഇറക്കിയിട്ടുള്ള സാഹചര്യത്തിൽ ഒരേ യോഗ്യതയുള്ള | | |

| | | | |
|---|---|---|---|
| | അധ്യാപകർക്കിടയിൽ ശമ്പളക്കാര്യത്തിൽ വൻ വ്യത്യാസമുണ്ടാവുന്ന എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ കോളേജ് അദ്ധ്യാപകർക്ക് വന്നിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | പ്രകാരമുള്ള സീനിയർ/സെലക്ഷൻ ഗ്രേഡും അനുവദിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**